II ഇ.ബി. XIII- കേരള നിയമസഭ/X-4

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 20, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**11 (*91) സർവ്വകലാശാലകളുടെ പ്രവർത്തനം**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമായശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിക്കേണ്ട പ്രതിസന്ധികളൊന്നും സർവ്വകലാശാലകളിൽ നിലവിലില്ലെന്നും സഭയെ അറിയിച്ചു. സർവ്വകലാശാലകളുടെ ജനാധിപത്യപരമായ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട പരാതികളോ വിവാദങ്ങളോ സർവ്വകലാശാലാ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറുടെ കാലാവധി 03.01.2014–ന് അവസാനിച്ചുവെന്നും പുതിയ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നതിന്

സെർച്ച് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ചാൻസലറാണെന്നും മന്ത്രി വ്യക്തമാക്കി. കേരള സർവ്വ കലാശാലയിൽ 16–12–2012 മുതൽ വൈസ് ചാൻസലറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും സെർച്ച് കമ്മിറ്റിയിലെ സർവ്വകലാശാല പ്രതി നിധിയുടെ നോമിനേഷനുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ സെർച്ച് കമ്മിറ്റി രൂപീകരണം പൂർത്തിയാകാത്തതു കൊണ്ടാണ് പ്രസ്തുത തസ്തിക നികത്താനാകാത്തതെന്നും മന്ത്രി അറിയിച്ചു. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണെന്നും 2 ഗവൺമെന്റ് കോളേജുകൾക്കും 11 എയ്ഡഡ് കോളേജുകൾക്കും സ്വയംഭര ണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർവ്വ കലാശാലകളുടെ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും ഭേദഗതി വരുത്തിക്കൊണ്ട് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരിക യാണ്. സർക്കാർ നിർദ്ദേശം മറികടന്ന് സൃഷ്ടിച്ച തസ്തികകൾ പിൻവലിച്ച സാഹചര്യത്തിൽ സിൻഡിക്കേറ്റിന്റെ റാറ്റിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് എം.ജി. സർവ്വകലാശാലയ്ക്ക് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് തുടർന്നും നൽകു ന്നതാണെന്നും വി.സി. യുടെ യോഗ്യതയുമായി ബന്ധപ്പെട്ട പരാതിയിന്മേൽ തീരുമാനമെടുക്കേണ്ടത് ചാൻസലറാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

12 (*92) <u>നെല്ല് സംഭരണം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപ ടിയിൽ, കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ ഭൂരിഭാഗവും

സപ്ലൈകോ സംഭരിക്കുന്നുണ്ടെന്നും 2011–12, 2012–13 വർഷങ്ങളിലായി യഥാക്രമം 5608242.94, 3584708.28 ക്വിന്റലും 2013–14 ഒന്നാം സീസണിൽ 134958 ക്വിന്റലും വീതം നെല്ല് സംഭരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഏറ്റവുമധികം നെല്ല് സംഭരിച്ചത് 2011–12 വർഷത്തിലാണെന്നും വരൾച്ചമൂലം പാലക്കാട്, തൃശ്ശൂർ ജില്ലകളിലും ഓരുവെള്ളം കയറി കോട്ടയം ജില്ലയിലും കൃഷിനാശമുണ്ടായതിന്റെ ഫലമായി 2012–13 രണ്ടാം സീസണിൽ നെല്ല് സംഭരണത്തിൽ കുറവുണ്ടായിയെന്നും മന്ത്രി അറിയിച്ചു. 18 രൂപയാണ് നെല്ലിന്റെ സംഭരണവിലയായി നിശ്ചയിച്ചിരിക്കുന്നത്. വിപണി വിലയ്ക്ക നുസരിച്ച് സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. 239.9 കോടി രൂപ നെൽവിലയായി കർഷകർക്ക് നൽകുകയും 10–01–2014 വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് യഥാസമയം നെൽവില വിതരണം ചെയ്യുന്നുണ്ടെന്നും സഹകരണ ബാങ്കുകളെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടില്ലെന്നും ഈ സീസണിൽ 148 കോടി രൂപ സഹകരണ ബാങ്കുകൾവഴി വിതരണം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൊയ്ത്ത് സീസൺ ആരംഭിക്കുമ്പോൾത്തന്നെ നെല്ല് സംഭര ണത്തിനാവശ്യമായ തുക റിവോൾവിംഗ് ഫണ്ടിൽ നിക്ഷേപിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. 52 സ്വകാര്യ മില്ലുകളുമായി സപ്ലൈകോ കരാറി ലേർപ്പെട്ടിട്ടുണ്ടെന്നും പാലക്കാട്, ആലപ്പുഴ ജില്ലകളിലായി രണ്ട് പുതിയ റൈസ് മില്ലുകൾ ആരംഭിക്കുന്നതാണെന്നും സർക്കാരിന്റെ ഫലപ്രദമായ വിപണിയിടപെടൽ നിമിത്തം സംസ്ഥാനത്ത് അരിക്ഷാമം ഉണ്ടായിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ആലത്തൂർ റൈസ്

മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും നെല്ലിന്റെ സംഭരണവില ഒരു രൂപ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും അതിനുപുറമെ 2 രൂപ കൂടി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് മുഖ്യമന്ത്രിയും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മറുപടി നൽകി.

13(*92) <u>ഇന്ധനവിതരണ സ്ഥാപനങ്ങളുടെ നിയന്ത്രണം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്രസർക്കാരിന്റെ എൽ.പി.ജി (റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000–ന്റെ അടിസ്ഥാനത്തിൽ 18/01/2003–ലെ ഉത്തരവുപ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥർക്ക് പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന വണ്ടികൾ, കണ്ടെയ്നറുകൾ, ഔട്ട്ലെറ്റുകൾ എന്നിവ പരിശോധിക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്ന ഔട്ട്ലെറ്റുകൾക്കെതിരെ അച്ചടക്കനടപടി ശുപാർശ ചെയ്യുന്നതിനും അധികാരം നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അളവുതൂക്ക നിയമലംഘനത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് അധികാരമുണ്ട്. ഓയിൽ മാർക്കറ്റിംഗ് കമ്പനികളുടെ ഉദ്യോഗസ്ഥർ പീരിയോഡിക് പരിശോധനകൾ നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം എണ്ണക്കമ്പനികൾ രൂപം നൽകിയ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് പ്രകാരം ഉല്പന്നങ്ങളുടെ ഗുണമേന്മയും അളവും

ഉറപ്പുവരുത്തേണ്ടതുണ്ടെന്നും ഗൈഡ്‌ലൈൻസ് പരിഷ്കരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡറിന് സാദ്ധ്യതയി ല്ലെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ കോടതി യുടെ പരിഗണനയിലാണ്. സീനിയോറിറ്റി മറികടന്ന് ഗ്യാസ് സിലിണ്ടർ വിത രണം ചെയ്യുക, അമിത കൂലി ഈടാക്കുക എന്നിവയ്ക്കെതിരെ പതിനായിരം രൂപവരെ പിഴ ഈടാക്കാവുന്നതാണെന്നും 101 ഗ്യാസ് ഏജൻസികൾക്കെ തിരെ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു. പാചകവാതക വിതരണത്തിലെ പരാതികൾ പരിഹരിക്കു ന്നതിനായി ഓപ്പൺ ഫോറം, പഞ്ചായത്തുതല ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ, എൽ.പി.ജി. യുടെ കോ-ഓർഡിനേഷൻ കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. ഡൊമസ്റ്റിക് സിലിണ്ട റുകൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. പത്തനംതിട്ട, വയനാട് ജില്ലകളിൽ പാചകവാതക സബ്സിഡിയിനത്തിൽ കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കണ മെന്ന് ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഐ.ഒ.സി. ക്കെതിരെയുള്ള പരാതികൾ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മെന്റലി ചലഞ്ച്ഡായിട്ടുള്ള ആളുകൾക്കും വൃദ്ധസദനങ്ങൾ/അംഗനവാടികൾ എന്നിവയ്ക്കും പാചകവാതക സബ്സിഡി ലഭ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1071 മുതൽ 1464 വരെയുള്ള ചോദ്യങ്ങളിൽ 99 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)